ടൂറിസം വില്ലേജുകൾ ആരംഭിക്കുവാൻ നടപടി

289 [193] *ശ്രീ. എം. എം. ഹസ്സൻ:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *കെ. സുധാകരൻ:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എവിടെയെല്ലാം ടൂറിസം വില്ലേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) അവയുടെ സ്ഥലനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വിശദീകരിക്കുമോ;

(സി) ടൂറിസ്റ്റ് ജില്ല ആയി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിൽ ടൂറിസ്റ്റ് വില്ലേജുകൾക്ക് രൂപംനൽകുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലറച്ചാൽ (വയനാട് ജില്ല), മാടായി (കണ്ണൂർ ജില്ല), ഇലവീഴാപൂഞ്ചിറ (കോട്ടയം ജില്ല), ആലപ്പുഴയിലെ മാരാരിക്കുളം (കയർ വില്ലേജ്) എന്നീ സ്ഥലങ്ങളിലാണ് ടൂറിസം വില്ലേജുകൾ സ്ഥാപിക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്.

(ബി) വില്ലേജുകളുടെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ചും ജില്ലകളിൽ നിന്നുള്ള അപേക്ഷ പരിശോധിച്ചുമാണ് സ്ഥലം നിർണ്ണയിക്കാറുള്ളത്.

(സി) വയനാട് ജില്ലയിൽ അമ്പലവയലിനടുത്തുള്ള നെല്ലറച്ചാൽ എന്ന ഗ്രാമത്തിൽ വില്ലേജ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശമുണ്ട്.

ഓണാഘോഷം മെച്ചപ്പെടുത്താൻ നടപടി

290 [196] *ശ്രീ. സി. മമ്മൂട്ടി:*
„ *നാലകത്ത് സൂപ്പി:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണാഘോഷം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പര്യാപ്തമാകുംവിധത്തിൽ മുൻവർഷങ്ങളിലേതിനെക്കാൾ മെച്ചമായി ആഘോഷിക്കുന്നതിന് ആലോചനയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly